**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 94** **23-08-2022 - ൽ മറുപടിയ്ക്ക്**

**പ്രവാസി ക്ഷേമനിധിയിലെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസി ക്ഷേമനിധിയിൽ ഇതിനോടകം എത്ര അംഗങ്ങളാണ് ചേർന്നിട്ടുള്ളത് എന്ന വിവരം ലഭ്യമാക്കാമോ; | (എ) | 16.08.2022 -ലെ കണക്കനുസരിച്ച് 706628 പേർ പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമെടുത്തിട്ടുണ്ട്. |
| (ബി) | അംഗങ്ങളായിട്ടുള്ള പ്രവാസികൾക്ക് എന്തൊക്ക ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രവാസി ക്ഷേമ നിധിയിൽ അംഗമാകുന്നതു മുതൽ പെൻഷൻ പ്രായം വരെ മുടക്കില്ലാതെ അംശദായം അടയ്ക്കുന്നവർക്ക് പെൻഷൻ പ്രായ ശേഷം ആജീവനാന്തം പെൻഷൻ ലഭിക്കുന്നു. കൂടാതെ പെൻഷൻ ആകുന്നതിന്റെ മുൻപുള്ള അംഗത്വ കാലയളവിൽ ചികിത്സാ ധനസഹായം, മക്കളുടെ വിദ്യാഭ്യാസത്തിനായി വിദ്യാഭ്യാസാനുകൂല്യം, പെൺമക്കളുടെയും വനിതാംഗങ്ങളുടെയും വിവാഹത്തിന് വിവാഹ ധനസഹായം, വനിതാംഗങ്ങൾക്ക് പ്രസവാനുകൂല്യം, അംഗം മരണപ്പെട്ടാൽ കുടുംബ പെൻഷൻ, കുടുംബ പെൻഷന് അർഹതയില്ലെങ്കിൽ നോമിനിക്ക് മരണാനന്തര ധനസഹായം, ശാരീരിക അവശതകളനുഭവിക്കുന്നവർക്ക് മാനദണ്ഡങ്ങളനുസരിച്ച് അവശതാ പെൻഷൻ എന്നീ ആനുകൂല്യങ്ങൾ പ്രവാസി ക്ഷേമ ബോർഡ് അനുവദിച്ചു വരുന്നു. കൂടാതെ പെൻഷണർ മരണപ്പെട്ടാൽ നോമിനിക്ക് കുടുംബ പെൻഷനും അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ